സ്ഥലങ്ങളിൽനിന്നാണ് ഇവിടെ നെല്ലും അരിയും ഇറക്കിക്കൊണ്ടിരുന്നത്. പക്ഷെ യുദ്ധത്തിന്റെ ഗതിവിഗതികൾകൊണ്ട് ഇപ്പോൾ സൗകര്യമായി നെല്ലും അരിയും ഇറക്കാൻ പാടില്ലാത്തവിധത്തിലായിരിക്കുകയാണ്. യുദ്ധത്തിന്റെ ഗതി നമുക്ക് തടസ്സമായിവരുന്നതിനുമുമ്പുതന്നെ നാം ശ്രമിച്ചിരുന്നുവെങ്കിൽ തിരുവിതാംകൂറിനാവശ്യമുള്ള ഭക്ഷണസാധനങ്ങൾ ഇവിടെത്തന്നെ കൃഷിചെയ്യാനുള്ള ഭൂമി നമുക്ക് ഉണ്ടായിരുന്നു. ഒരുകാലത്ത് തിരുവിതാംകൂറിലെ ജനങ്ങളുടെ ആവശ്യത്തിനുള്ള നെല്ലും അരിയും ഇവിടെ വിളഞ്ഞിരുന്നു എന്നു മാത്രമല്ല. ഇവിടത്തെ ഉപയോഗം കഴിഞ്ഞതിനു ശേഷം ഏതാണ്ടും ശതമാനം അന്യദേശങ്ങളിലേയ്ക്ക് അയച്ചുകൊണ്ടുമിരുന്നു. ൧൯൦൪ മുതൽ ൧൯൪൭ വരെയുള്ള തിരുവിതാംകൂറിലെ നെല്ല്, തെങ്ങ്, മരച്ചീനി മുതലായവ കൃഷി നടത്തിയിട്ടുള്ള സ്ഥലങ്ങളുടെ വിസ്തീർണ്ണതയെപ്പറ്റി നമുക്കു കിട്ടിയിട്ടുള്ള കണക്കു നോക്കിയാലും ഈ വസ്തുത തെളിയുന്നതാണ്. ൧൯൦൪-ൽ നാണ്ണൻ൬൭൪ ഏക്കർ സ്ഥലത്തു നെൽകൃഷി നടത്തിയിരുന്നു. അതു ൧൯൧൪-ൽ നാലൊന്നുവൻ൦ ഏക്കർ സ്ഥലമായി കുറഞ്ഞു. ൧൯൨൪-ൽ നാൽപതിനാലൻ ഏക്കറായി വീണ്ടും കുറയുകയാണ് ചെയ്തത്. തെങ്ങുകൃഷിയാണെങ്കിൽ ൧൯൦൪-ൽ ഒരുനൂറ്റൻപതു ഏക്കർ സ്ഥലത്തു കൃഷി നടത്തിയിരുന്നു. ൧൯൧൪-ൽ ഇരുനൂറെന്നു ഏക്കർ സ്ഥലം തെങ്ങുകൃഷി നടത്തിയിട്ടുണ്ടെന്നു കാണുന്നു. നെൽകൃഷിയെ അപേക്ഷിച്ച് തെങ്ങുകൃഷി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നു ഈ കണക്കിൽനിന്നും മനസ്സിലാക്കാൻ കഴിയും. നെൽകൃഷി അധഃപതിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ മരച്ചീനികൃഷിയുടെ പ്രാധാന്യത്തെപ്പറ്റി ഞാൻ ഇവിടെ പ്രത്യേകിച്ച് ഒന്നും പറയേണ്ടതായിട്ടില്ല. ൧൯൦൪-ൽ നൂറ്റിരുപതിനായിരം ഏക്കർ സ്ഥലത്തു മരച്ചീനികൃഷി ചെയ്കയുണ്ടായി. ൧൯൧൪-ൽ അതു നൂറ്റിമുപ്പതിനായിരം ഏക്കറായികുറഞ്ഞു. എന്നാൽ ൧൯൨൪-ൽ അതു നൂറ്റിനാല്പതിനായിരം ഏക്കർ സ്ഥലത്തു മരച്ചീനികൃഷി നടത്തി. ൧൯൨൪-ൽ മരച്ചീനികൃഷി നടത്തിയ വിസ്തീർണ്ണം ൧൯൧൪-നെ അപേക്ഷിച്ചു അല്പം കൂടിയിട്ടുണ്ടെങ്കിലും ൧൯൦൪-ലെ അത്ര വന്നിട്ടില്ല. ഈ കണക്കുകളിൽനിന്നും നമ്മുടെ ഏറ്റവും അത്യാവശ്യമായ ഭക്ഷണസാധനങ്ങളെ സംബന്ധിച്ചു ഉള്ള നമ്മുടെ പരിശ്രമം തന്നെ അധഃപതിച്ചുവരികയാണെന്നു കാണാൻ കഴിയും. തിരുവിതാംകൂർ കരുക്കൾ കൃഷിചെയ്യുന്നതിനുപയുക്തമായി ൨,൫൩,൦൦൦ ഏക്കർ സ്ഥലമുണ്ടെന്നു കാണുന്നു. ഇതിൽ യഥാർത്ഥത്തിൽ കൃഷിചെയ്യിട്ടുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

ഫ ൦ ർ-ൽ ഫവ്വന്നതെ ഫ൨ ഏക്കറിലും ഫ ഫ ൫-ൽ ഫൻതെർൻ൨ വ ഏക്കർ സ്ഥലത്തുമാണെന്നു കാണാൻ കഴിയും. ഫ ൦ ർ-ാമാണ്ടത്തെ കണക്കുകാണ്ടുതന്നെ ഏഴുലക്ഷത്തിൽ ചിലപാനം ഏക്കർ സ്ഥലം കൃഷി ചെയ്യാതെതന്നെ ഇട്ടിരുന്നു എന്നു കാണാവുന്നതാണ്. ഫ ഫ ൫-ലെ കണക്കെടുത്തു നോക്കിയാലും ഇതിൽ വലിയ വ്യത്യാസമൊന്നും കാണുകയില്ല. തിരുവിതാംകൂറിനെപ്പോലെ ഏറ്റവും ചെറിയ ഒരു രാജ്യത്തു് ഇത്ര ഏറെ സ്ഥലം ആളുകളുടെ അലസതകൊണ്ടുമാത്രം കൃഷിചെയ്യാതെ ഇടുകയും തന്നിമിത്തം ഇവിടെന്നും ഉളവിക്കേണ്ട ഉൽപ്പന്നങ്ങളുടെ വർദ്ധനയെ തടയുകയും ചെയ്യുന്നതു് അക്ഷന്തവ്യമായ ഒരപരാധം തന്നെയാണ്. ഇവിടെയുള്ള ആളുകൾ കാലക്രമേണ കൃഷിയിൽ വിമുഖന്മാരായി കേവലം അലസന്മാരായി കാണുന്നതു് എന്തുകൊണ്ടാണ്? എന്റെ അഭിപ്രായത്തിൽ ഇപ്പോഴത്തെ വിദ്യാഭ്യാസരീതി അതിനൊരു പ്രധാന കാരണമാണ്. സാമാന്യം ധനസ്ഥിതിയുള്ള ആളുകൾ അവരുടെ കുട്ടികളെ ഏഴാംക്ലാസുവരെയോ അല്ലെങ്കിൽ സ്കൂൾഫൈനൽ ക്ലാസുവരെയൊ പഠിപ്പിക്കുന്നു. വിദ്യാഭ്യാസം ചെയ്ത കുട്ടികളെല്ലാം സർക്കാർ ഉദ്യോഗം കിട്ടണമെന്നുള്ള ദിവാസ്വപ്നത്തിൽ കഴിഞ്ഞുകൂടുന്നു. കുറെക്കാലം ഇങ്ങനെ കഴിഞ്ഞതിനുശേഷം ഒടുവിൽ സർക്കാർ ഉദ്യോഗം കിട്ടാതെ നിരാശാഗർത്തത്തിൽ അവർ അധപതിക്കുന്നു. പഴയ തോതിൽ ഭൂമിയിൽ കൃഷിചെയ്തു ജീവിക്കണമെന്നുള്ള ആഗ്രഹമോ, അതിനുള്ള വാസനയോ അവർക്ക് ഉണ്ടാകുന്നില്ല. വിദ്യാലയജീവിതത്തിൽനിന്നും അവർക്കും ലഭിക്കുന്നുമില്ല സർക്കാർ ഉദ്യോഗം കിട്ടാതെ കഴിഞ്ഞുകൂടുന്ന അഭ്യസ്തവിദ്യരുടെ നില വളരെ ശോചനീയംതന്നെയാണ്. ഈ രാജ്യത്തു് ആകെ ൨ ൫ ൦ ൦ ൦ ഉദ്യോഗമേ ഉള്ളൂ. കഴിഞ്ഞ സെൻസസ് അനുസരിച്ച് നോക്കിയാൽ ന്യ ൦ ൬ ൦ ൦ ൦-ൽ ചിലപാനം ജനങ്ങളാണ് ഇവിടെ ഉള്ളതെന്നു കാണാം. ഈ ആളുകൾ എല്ലാംകൂടി ഈ ൨ ൫ ൦ ൦ ൦ സർക്കാർ ഉദ്യോഗത്തെ മോഹിച്ചിരുന്നാൽ എല്ലാവർക്കും സർക്കാർ ഉദ്യോഗം കൊടുക്കുവാൻ ഒക്കുമോ? അതുകൊണ്ട് നമ്മുടെ ജനങ്ങളെ തങ്ങൾക്കു ഏറ്റവും സുകൃമെന്നു തോന്നുന്ന തരത്തിൽ കൃഷിക്കു സുകൃമുള്ള പന്ഥാവിലേക്ക് തിരിച്ചുവിടുന്നതിനുള്ള ഏതെങ്കിലും ഒരു പദ്ധതി കണ്ടുപിടിച്ച് ഇവിടത്തെ കൃഷിയെ അഭിവൃദ്ധിയിൽ കൊണ്ടുവരണമെന്നാണ് എനിക്കു അത്യന്തമായി പറയുവാനുള്ളതു്. ഇന്നും കൃഷിചെയ്തു നമ്മുടെ കാലയാപനം കഴിക്കുവാനുള്ള വഴി അടഞ്ഞുപോയിട്ടില്ല. ചെറുപ്പക്കാരെ, നല്ല ശരീരശക്തിയും മേധാശക്തിയുമുള്ള ചെറു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kunju Panicker.]

പ്പക്കാരെ, ആ വഴിക്ക് തിരിച്ചുവിട്ടാൽ മാത്രം മതിയാകുന്നതാണ്. ആ വഴിക്കു തിരിയുന്നതാണ് ഏറ്റവും അഭിമാനകരമായ വഴി എന്ന് അവക്കു തോന്നുകയും വേണം. അതിലേക്ക് പ്രായോഗികവും ഫലപ്രദവുമായ ഒരു നയം കൈക്കൊള്ളുകയും ഗവണ്മെൻറ് കൃഷി, കോവാപ്പറേറീവ് ഈ ഡിപ്പാർട്ടുമെൻറുകളുടെ സഹായസഹകരണങ്ങളോടുകൂടി അതു നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്. യുദ്ധപരിതാവസ്ഥമൂലം ആവശ്യമുള്ള ആഹാരസാധനങ്ങൾ ലഭിക്കുന്നതിനു മാർഗ്ഗമില്ലാതിരിക്കുന്ന ഈ അവസരത്തിൽപോലും ഈ ലക്ഷ്യത്തിൽ ചിലപ്രാനം ഏക്കർ സ്ഥലം നാം കൃഷിചെയ്യാതെ ഇട്ടിരിക്കുന്നു എന്നതു് സങ്കടപൂർവം ചിന്തിക്കേണ്ട ഒരു കാര്യമല്ലയോ. ഇതിനു ചില പ്രത്യേക കാരണങ്ങളുണ്ടായിരിക്കാം. ധനവാന്മാരായ ആളുകൾ അനേകം സ്ഥലങ്ങൾ പതിപ്പിച്ചെടുത്തിട്ടുണ്ട്. എന്നാൽ ആ സ്ഥലങ്ങളിൽ കൃഷി നടത്തുന്നതിനോ നടത്തിക്കുന്നതിനോ ഉള്ള സന്നദ്ധതയോ മനസ്സോ അവക്കധികം പേർക്കും കാണുന്നില്ല. അതുകൊണ്ട് അവരെക്കൊണ്ട് കൃഷിചെയ്യിപ്പിക്കുകയോ അല്ലെങ്കിൽ കൃഷിചെയ്യാൻ സന്നദ്ധതയുള്ള ആളുകൾക്കു കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന സ്ഥലങ്ങൾ കൃഷിക്കു കൊടുക്കുകയോ ചെയ്യണം. അല്ലാതെ അറേബ്യൻകഥകളിലെ യാത്രക്കാരന്റെ കഴുത്തിലിരുന്നുപദ്രവമുണ്ടാക്കിയ കിഴവനെപോലെ ഇത്തരം ഭൂമി ഉടമസ്ഥന്മാർ കേറിയിരിക്കുന്നതുമൂലം കെല്പും മനസ്സും ഉള്ളവർക്കുപോലും കൃഷിക്കു സ്ഥലം കിട്ടുവാൻ പാടില്ലാത്ത ഒരു നില വരുത്തിവയ്ക്കരുത്. പണമില്ലാത്തവരും എന്നാൽ അധ്വാനിക്കുവാൻ ശേഷിയുള്ളവരുമായ ആളുകൾക്ക് കൃഷിചെയ്വാനായി സ്ഥലം കൊടുക്കേണ്ടതാവശ്യമാണ്. കൃഷിചെയ്യാതെ തടഞ്ഞുവച്ചുകൊണ്ടിരിക്കുന്ന ഇത്തരം സ്ഥലങ്ങളെ കൃഷിഡിപ്പാർട്ടുമെൻറുകാരൊ അല്ലെല്ലിൽ ഗവണ്മെൻറാ കണ്ടുപിടിച്ച് കൃഷിചെയ്വാൻ സന്നദ്ധതയുള്ള ആളുകൾക്ക് കൊടുപ്പിച്ച് കൃഷിയെ വർദ്ധിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. കൃഷിക്കുപയുക്തമായ സർക്കാർസ്ഥലവും കൃഷിക്കു കൊടുക്കണം. ചെറുപ്പക്കാരായ ഏഴാംക്ലാസുകാരും, സ്കൂൾഫൈനൽകാരും എല്ലാം ഒരു തൊഴിലും ചെയ്യാതെ മുണ്ടും ഷർട്ടും ഇട്ട് കേവലം ശൃംഗാരികളായി നടക്കുക മാത്രമാണ് ഇപ്പോൾ ചെയ്യുന്നത്. അങ്ങനെയുള്ള ചെറുപ്പക്കാരുടെ ശ്രദ്ധ കൃഷിയിലേക്കു തിരിച്ചുവിടണം. എങ്കിലേ നാം നന്നാകയുള്ളൂ. സകലവിധത്തിലും പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട ഒരു രാജ്യം, ഇൻഡ്യയിലെ പൂങ്കാവനം എന്നു പറയുന്ന ഒരു നാട്, ഈ നാട്ടിൽ ആളുകൾക്ക് കൃഷിചെയ്വാൻ അഭിരുചിയില്ലെന്നുവന്നാൽ അതു

LIBRARY ARCHIVES Kerala Legislative Assembly

കഷ്ടമല്ലയോ? നമ്മുടെ കൊള്ളരുതായ്മ അല്ലേ അത്? ഈ കാലത്തും യുദ്ധമുണ്ടായിരുന്നതിനശേഷവും ശരിയായി കൃഷിചെയ്വാനുള്ള സൗകര്യമെല്ലാം ഉള്ള ഈ തിരുവിതാംകൂറിൽ കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിനടത്തിയും ഉള്ള കൃഷിയെ അഭിവൃദ്ധിപ്പെടുത്തിയും ഇവിടത്തെ ഉൽപ്പന്നങ്ങളെ വർദ്ധിപ്പിക്കുന്നതിനായി നാം ഒന്നു ശ്രമിച്ചാൽ നമുക്ക് ഒട്ടും നിരാശക്ക വകയില്ല. നമ്മുടെ ബുദ്ധിയേയും ശേഷിയേയും നല്ലവഴിക്ക് തിരിച്ചുവിട്ടാൽ മാത്രം മതി. നമുക്ക് കൃഷിചെയ്വാൻ സ്ഥലമുണ്ട്. ശരീരശേഷിയുള്ള ചെറുപ്പക്കാർ ധാരാളമുണ്ട്. അനുകൂലമായ ശീതോഷ്ണാവസ്ഥ ഉണ്ട്. ഇവയെല്ലാം വേണ്ട വിധത്തിൽ ഉപയോഗിക്കണമെന്നേ ഉള്ളൂ. അതുപോലെ നമ്മുടെ ആവശ്യം നിറവേറ്റിക്കഴിഞ്ഞിട്ട് മേലാലും അരിയും നെല്ലും കയറുമതി ചെയ്വാൻ കൂടി സാധിക്കും.

MR. PUTHUPPALLI S. KRISHNA PILLAI : ആളുകൾ ഇപ്പോൾ ജോലി ഒന്നും ചെയ്യാതെ നിൽക്കുന്നതിന്റെ കാരണമെന്താണ്?

MR. K. KUNJU PANICKER : കൃഷിചെയ്യുന്നത് വളരെ മോശമായ ഒരു തൊഴിലാണെന്ന് ഒരു ബോധം; കൃഷി ചെയ്താൽ ദേഹം വിയർക്കും, വെയിലുകൊള്ളുക, ദേഹത്തു മണ്ണുപറ്റിക്കുക ഇതൊക്കെ അത്ര പന്തിയല്ലാ എന്നുള്ള വിചാരം; ഇവയെല്ലാം കൊണ്ടാണ്.

MR. PUTHUPPALLI S. KRISHNA PILLAI : കൂടുതൽ ഉയർന്ന പരീക്ഷപാസായവർക്കല്ലേ ഈ അഭിപ്രായമുള്ളൂ?

MR. K. KUNJU PANICKER : അവരുടെ സംഖ്യ വളരെ തുച്ഛമാണ്. കുറെക്കൂടി കൂടുതൽ ആദായകരമായ ജീവിതമാർഗ്ഗങ്ങളെ കണ്ടുപിടിക്കാൻ അങ്ങനെയുള്ളവർക്ക് കെൽപ്പുണ്ട്.

MR. PUTHUPPALLI S. KRISHNA PILLAI : ചെറുപ്പക്കാരുടെയിടയിൽ തൊഴിലില്ലാതെ ഇരിക്കുന്നത് മൂലധനമില്ലാഞ്ഞിട്ടാണ്; എന്നു ഒരു ധാരണയുണ്ട്. അതു ശരിയാണോ?

MR. K. KUNJU PANICKER : ഭൂമിയും മൂലധനവും ഇല്ലാഞ്ഞിട്ടാണ് കൃഷി അഭിവൃദ്ധിപ്പെടാത്തത് എന്നെല്ലാം പറയുന്നുണ്ട്. എന്നാൽ ഉള്ള മൂലധനത്തേയും ഉള്ള ഭൂമിയേയും ശരിയായി വിനിയോഗിക്കുന്നില്ലെന്നുള്ളതാണ് എന്റെ പരാതി.

MR. K. P. KOCHUKORA THARAKAN : പള്ളിക്കൂടത്തിൽ ഇവർക്ക് പ്രായോഗികപരിശീലനം കൊടുക്കുന്നില്ലെന്നുള്ളത് ഒരു കാരണമല്ലയോ?

MR. K. KUNJU PANICKER : അതേ.

LIBRARY ARCHIVES Kerala Legislative Assembly

MR. A. K. KUMARAN VAIDYAN : മി. ടി. കെ. വേലുപ്പിള്ള അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. തിരുവിതാംകൂറിൽ ഒരു കൃഷിഡിപ്പാർട്ടുമെൻറ് ഉണ്ട്. ആ ഡിപ്പാർട്ടുമെൻറിന്റെ ചില പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ബോർഡു രൂപീകരിക്കുകയും ചിലതെല്ലാം പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ ഈ പ്രവർത്തികൾ വേണ്ട ഫലപ്രാപ്തിയിൽ വരാത്തതുകൊണ്ടാണ് ഇന്നത്തെ ഈ യുദ്ധപരിതഃസ്ഥിതിയിൽ ആഹാരസാധനങ്ങൾക്ക് ദുർലഭ്യമുണ്ടായേയ്ക്കുമോ എന്ന സംശയിക്കത്തക്ക ഒരു നില ഇവിടെ ഉണ്ടായത്. ഇപ്പോഴാണ് ഈ വിഷയത്തിൽ ഗവണ്മെൻറ് ശ്രദ്ധിച്ചുതുടങ്ങിയത്. എന്നാൽ ഏകദേശം ഇരുപതു കൊല്ലങ്ങളായി അഭ്യസ്തവിദ്യരും ചെറുപ്പക്കാരുമായ ആളുകൾ—ഞാനും ഇക്കൂട്ടത്തിലുൾപ്പെടുന്നതാണ്—കൃഷിസംബന്ധമായ കാര്യങ്ങളിൽ വളരെ അനാസ്ഥ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ സ്നേഹിതൻ മി. കുഞ്ഞുപണിക്കർ പറഞ്ഞതുപോലെ ഏഴാം ക്ലാസോ ഒൻപതാംക്ലാസോ പാസ്സായവർ പിന്നെയും കൃഷിക്കു പോകും. ഉയർന്ന വിദ്യാഭ്യാസമുള്ളവരാണ് കൃഷിയെപ്പറ്റി തീരെ ശ്രദ്ധിക്കാത്തതു്. ഈ വിഷയത്തെപ്പറ്റി കൂടുതൽ പ്രായോഗികപരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവർ, അതായതു് ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ, എന്തെങ്കിലും ചെയ്താൽ അതു കൂടുതൽ ഫലപ്രദമായിത്തീരുന്നതാണ്. ധാരാളം ഭൂമി പതിപ്പിച്ചെടുത്തിട്ടുള്ളവർ ഭൂമികൾ തരിശായി ഇടരുതെന്നു ഗവണ്മെൻറ് വേണ്ട താക്കീതു ചെയ്യുന്നപക്ഷം ശരിക്കു കൃഷിനടത്തുമെന്നുള്ളതിൽ സംശയമില്ല. വനങ്ങളിൽ ഉള്ള ചതുപ്പുനിലങ്ങൾ കുത്തകപ്പാട്ടമായോ മറ്റോ പതിച്ചുകൊടുത്തു് കൃഷിചെയ്യിക്കേണ്ടതാണ്. ഇങ്ങനെ വനങ്ങൾ പതിച്ചുകൊടുക്കുന്നതു മഴക്കുറവിനു ബാധകമാകുകയില്ലേ എന്നു് ഒരു വിഷമപ്രശ്നം മുൻപുണ്ടായിട്ടുണ്ട്. ഇന്നത്തെ നമ്മുടെ പണ്ഡിതനായ വനം കൺസർവേറ്റർ മഴയ്ക്കു ബാധകമാകുകയില്ലെന്നഭിപ്രായപ്പെടുന്ന സ്ഥലങ്ങൾമാത്രം പതിച്ചുകൊടുത്താൽ മതി. ഇന്നത്തെ യുദ്ധംമൂലം കൊച്ചിയിൽനിന്നും മറ്റും അനവധി ആളുകൾ തിരുവിതാംകൂറിന്റെ വടക്കൻതാലൂക്കിൽ വന്നു് കുടിയേറിപ്പാർക്കുന്നുണ്ടു്. അവർക്കും ഇവിടെനിന്നുതന്നെ ആഹാരം ലഭിക്കേണ്ടേ? അവർ യാതൊരു ആഹാരസാധനങ്ങളും കൊണ്ടുവരാത്തതുകൊണ്ടു് ഈ പ്രദേശങ്ങളിൽ ക്ഷാമം കൂടിക്കൂടി വരുന്നു. അതുകൊണ്ടു ഇങ്ങനെ വരുന്നവർക്കു് ഉള്ള ഭക്ഷണസാധനങ്ങൾ കൊച്ചി ഗവണ്മെൻറിന്റെ മുമതലയിൽ ഇവിടെ എത്തിക്കുവാൻ നമ്മുടെ ഗവണ്മെൻറ് വേണ്ട ഏർപ്പാടുകൾ ചെയ്തില്ലെങ്കിൽ കുടിയേറിപ്പാർത്തുവരുന്ന പ്രദേശങ്ങളിലെ ആളു

LIBRARY ARCHIVES Kerala Legislative Assembly

കം, അതായത് സാധുക്കൾ തീരെ പട്ടിണി കിടന്ന് മരിച്ചുപോകുമോ എന്നതന്നെ ഭയപ്പെടേണ്ടതായിരിക്കുന്നു.

MR. PUTHUPPALLI S. KRISHNA PILLAI : അങ്ങനെ വരുന്നവർ അവിടെനിന്നും ഒന്നും കൊണ്ടുവരുന്നില്ലേ?

MR. A. K. KUMARAN VAIDYAN : ആഹാരസാധനങ്ങൾ ഒന്നും കൊണ്ടുവരുന്നില്ല.

MR. KAINIKKARA M. PADMANABHA PILLAI : പണം കൊണ്ടുവരുന്നില്ലേ?

MR. A. K. KUMARAN VAIDYAN : പണം കൊണ്ടുവരുന്നുണ്ടായിരിക്കാം. നെല്ല്, അരി, കപ്പ, മുതലായത് ഒന്നും തന്നെ കൊണ്ടുവരുന്നില്ല. സർ, വടക്കൻതാലൂക്കുകളിലുള്ള ഓരോ പകുതിയിലും എന്റെ അറിവു ശരിയാണെങ്കിൽ, ഏകദേശം ൨൦൦൦ പേർ വീതം പറവൂരിലെ മിക്ക പകുതികളിലും കടിയേറിപ്പാർക്കുന്നുണ്ട്. (ഒന്നുരണ്ട് പകുതികളിലെ സ്ഥിതി എനിക്ക് നേരിട്ടറിവുള്ളതാണ്) അവിടെ കപ്പക്കൃഷികൂടി ഇല്ലായിരുന്നുവെങ്കിൽ അവിടെയുള്ളവർക്കെല്ലാം പട്ടിണി വരുമായിരുന്നു. സാധുക്കളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവണ്മെൻറ് ഇതിനുമുമ്പ് വേണ്ട വിധത്തിൽ ശ്രദ്ധിച്ചിരുന്നില്ലെന്നാണ് എന്റെ വിശ്വാസം. എന്നാൽ ഇപ്പോൾ ജനങ്ങളുടെ ആഹാരകാര്യത്തിൽ ഗവണ്മെൻറ് ശ്രദ്ധിക്കുന്നുണ്ട്. മുമ്പ് ഒരു മഹാരാജാവ് ഇവിടെ മരച്ചീനികൃഷി നടപ്പിലാക്കിയതുപോലെ ഇവിടത്തെ ആവശ്യങ്ങൾ നിറവേറ്റത്തക്കവണ്ണം മറെറന്തെങ്കിലും പുതിയ ഒരു കൃഷി കണ്ടുപിടിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അത് കഴിയുന്നവേഗം വേണ്ടതാണെന്നാണ് എനിക്കു പറവാനുള്ളത്. ഇവിടെ ഉണ്ടാകുന്ന ആഹാരസാധനങ്ങൾ കൊച്ചി മുതലായ സ്ഥലങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതുകൊണ്ടും ഇവിടെ ക്ഷാമം ഉണ്ടാകുന്നുണ്ട്. വടക്കൻതാലൂക്കുകളിൽ ഉണ്ടാകുന്ന നെല്ലൊഴിച്ചുള്ള സ്വൽപ്പ ഭക്ഷണസാധനങ്ങളും കൊച്ചിയിലേയ്ക്ക് പ്രയാണം ചെയ്തുകൊണ്ടിരിക്കുകയാണ്. ദിവസം പത്തും ഇരുന്നൂറും വള്ളങ്ങൾ വീതം കിഴക്കും മറെറ സാധനങ്ങളുമായി പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിന്റെ ദൃഷ്ടാന്തം വരാപ്പുഴ, ചാത്തനാട്ട്, ഇളന്നിക്കര, പറവൂർ, തോട്ടമുഖം ഈ കവുക്കകളിൽ കുറച്ചു സമയം ഒരാൾ നോക്കിനിന്നാൽ കാണാവുന്നതാണ്.

MR. KOTTALIL P. ABRAHAM: കൊച്ചിയിൽനിന്നും തിരുവിതാംകൂറിലേയ്ക്ക് നെല്ലുവരുന്നുണ്ടോ?

MR. A. K. KUMARAN VAIDYAN : ആ ഭാഗത്തു നെൽകൃഷി അധികമില്ല. അതുകൊണ്ട് വരുന്നില്ല. തുറമുഖത്തു ഇറക്കുന്ന അരി കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidyan]

വത്തനംണ്ട്. അതും ആവശ്യത്തിന കിട്ടന്നില്ല. തുറമുഖം നമുക്ക് ഉള്ളതല്ല.

MR. KAINIKKARA M. PADMANABHA PILLAI : കൊച്ചി നിയമസഭയിൽ അവിടത്തെ ആഹാരസാധനങ്ങളെല്ലാം തിരുവിതാംക്കൂറിലേയ്ക്ക പോകുന്ന എന്ന ഒരു വാദമുണ്ടായതായി കേട്ടിട്ടുണ്ടോ?

MR. A. K. KUMARAN VAIDYAN : എന്ന കേട്ട. കൊച്ചിയിൽ ഇന്ന് ഓരോരുത്തനും ഇരു ചാക്ക് അരിവീതമേ തിരുവിതാംക്കൂറുകാക്ക് കൊടുക്കുകയുള്ള എന്ന നിർബന്ധം വച്ചിട്ടുണ്ട്. അതുപോലെതന്നെ മണ്ണെണ്ണയും. പിന്നെ ഇവിടെയുള്ള സാധനങ്ങളും എന്തിന് കൊച്ചിക്കാക്ക കൊടുക്കുന്ന. അതുകൊണ്ട് മരച്ചീനി, മധുരക്കിഴങ്ങ് മുതലായത് കഴിയുന്നതും കൊച്ചിയിലേയ്ക്ക കടത്തുന്നതിനെ തടയേണ്ടതാണ്. അതിനെ വേഗം തടഞ്ഞു ഒരു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്ന.

തിരുവിതാംക്കൂറിലെ കൃഷിയും വ്യവസായവും ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകാണുവാൻ നിരന്തരം ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സചിവോത്തമന്റെ ദീർഘദൃഷ്ടി തിരുവിതാംക്കൂറിന്റെ ദാരിദ്ര്യത്തെ എന്നന്നേയ്ക്കുമായി ഇല്ലായ്മ ചെയ്വാൻ പര്യാപ്തമാവട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഈ പ്രമേയത്തെ പിൻതാങ്ങുന്ന.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : സർ, ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്ന. സർവ്വപ്രധാനമായ ഈ വിഷയത്തെ സംബന്ധിച്ച് ചിന്തിക്കേണ്ട അത്യാവശ്യം ഈ അവസരത്തിൽ ഗവണ്മെൻറിനുണ്ട്. ജനപക്ഷത്തുനിന്നും ആ ചുമതലയുണ്ടെന്ന ഞാൻ സമ്മതിക്കുന്ന. എന്നാൽ ഈ വിഷയം ഇവിടെ വാദപ്രതിവാദത്തിന എടുക്കുവാൻ ഇടയായതോടുകൂടി ഇവിടത്തെ അനുദ്യോഗസ്ഥമെമ്പറന്മാരുടെയെണ്ണം കുറഞ്ഞുവരുന്നതുകാണുമ്പോഠം അത്ഭുതവും ഉണ്ട്. ഇന്നത്തെ യുദ്ധപരിതഃസ്ഥിതി ഏറ്റവും ഗുരുതരമായ ഒരു ഘട്ടത്തിലേയ്ക്ക വലിച്ചിഴയ്ക്കുമെന്ന വിചാരിക്കത്തക്കനിലയിൽ ആയിത്തീർന്നിട്ടുണ്ട്. ഈ നിലയിൽ ഉദ്യോഗസ്ഥന്മാർക്ക് കൺസിനോട്ടുകളും വച്ചുകൊണ്ട് വെറുതേ ഇരിക്കുവാനേ ഒക്കുകയുള്ള എന്നും വരുന്നതാണ്. അവക്ക് ആഹാരസാധനങ്ങളും പോലും കിട്ടാതെ വന്നേക്കാം. ഇപ്രകാരം അനിശ്ചിതവും ഭയങ്കരവുമായ ഒരു ഭാവിയെ കണ്ടിട്ടാണ് സദസ്യതിലകൻ ശ്രീമാൻ ടി. കെ. വേലുപ്പിള്ള അവർകളും ഇത്തരത്തിൽ ഗൗരവതരമായ ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചതെന്ന ഞാൻ വിചാരിക്കുന്ന. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യങ്ങൾക്കു മതിയാകത്തക്കവണ്ണമുള്ള അരി ഈ നാട്ടിലുണ്ടാകണമെന്നുണ്ടെങ്കിൽ ഇപ്പോഴുള്ളതിനേക്കാൾ ആറുലക്ഷം ഏക്കർ സ്ഥലം കൂടി നെൽകൃഷിക്കു് ഉണ്ടായിരുന്നാലേ ഒക്കുകയുള്ളു എന്നു കാണുന്നു. വിദഗ്ദ്ധന്മാരായ ആളുകളുടെ ഉപദേശത്തോടുകൂടി ശാസ്ത്രീയമായ വളം ഉപയോഗിച്ചു് കൃഷിചെയ്യും ഒരുപൂകൃഷിയെ ഇരുപൂആക്കിയും ഇവിടത്തെ ഉല്പന്നത്തെ വർദ്ധിപ്പിക്കേണ്ടതുമാകുന്നു. ഈ വിഷയത്തെ സംബന്ധിച്ചുതന്നെ ഒരു അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിക്കുന്നുണ്ടു്. മിക്കവാറും വിഷയം ഒന്നുതന്നെ. ഈ പ്രമേയത്തിൽ ഒരു കമ്മിറ്റിയുടെ കാര്യംകൂടി പറഞ്ഞിട്ടുണ്ടെന്നേയുള്ളു. ഇനിയും കൃഷിചെയ്യത്തക്ക അനേകം ഏക്കർ സ്ഥലം തിരുവിതാംകൂറിൽ ഉണ്ടു്. റിസർവുവനത്തിൽ ഉപയോഗപ്രദമായി കിടക്കുന്ന സ്ഥലങ്ങളും ഇതിലേക്കു പതിച്ചുകൊടുക്കണം. നല്ല വളം ചെർത്തു വിളവു വർദ്ധിപ്പിക്കണം. മരച്ചീനികൃഷിയെയും പ്രോത്സാഹിപ്പിക്കേണ്ടതാണു്. ഇപ്പോൾ വിദേശങ്ങളിലേക്കു് ഇവിടെ നിന്നും മരച്ചീനിപ്പൊടി ധാരാളമായി കയറ്റി അയയ്ക്കുന്നുണ്ടു്. അതിനെ വേണ്ടിവന്നാൽ നിയന്ത്രിക്കേണ്ടതല്ലയോ എന്നു ഗവൺമെൻറു ചിന്തിക്കേണ്ടതാണു്. ഇവിടെ ധാരാളമായുണ്ടാകുന്ന വറ്റൽമുളകു് മുതലായ സാധനങ്ങളും കയ്ക്കുട്ടാ മുതലായ സ്ഥലങ്ങളിൽനിന്നും ഇവിടെ ഇറക്കുന്നതു് വാസ്തവത്തിൽ സങ്കടകരമാകുന്നു. മി. കുഞ്ഞുപുണിക്കർ പറഞ്ഞതുപോലെ ഇക്കാര്യത്തിൽ നമ്മുടെ ജനങ്ങൾക്കു് വളരെ അലസതയാണുള്ളതു്. നമുക്കു ആവശ്യവും ഉപയോഗവുമുള്ള എല്ലാ സാധനങ്ങളും ഇവിടെത്തന്നെ കൃഷിചെയ്യിക്കാമെന്നുള്ളതിൽ പക്ഷാന്തരത്തിനു വകയില്ല. ഇതിലേക്കു നിയുക്തരായിട്ടുള്ള ഗവൺമെൻറുദ്യോഗസ്ഥന്മാരും വിദഗ്ദ്ധന്മാരും കൃഷി അഭിവൃദ്ധിയ്ക്കുവേണ്ടി ശ്രമിക്കുന്നുണ്ടെന്നുള്ളതു് പരമാർത്ഥമാണു്. എന്നാൽ ഇന്നു കൃഷിക്കു പല പ്രകാരത്തിൽ അവശതകളുണ്ടു്. കൃഷിചെയ്യുന്നതിനുള്ള സ്ഥലമാണു് പ്രധാനമായി ഉണ്ടാകേണ്ടതു്. കൺസർവേറന്മാരുടെയും റവന്യൂഅധികാരികളുടെയും നിയന്ത്രണത്തിൽപെടാതെ കുറെസ്ഥലങ്ങൾ തിരുവിതാംകൂറിലുണ്ടു്. നെയ്യാറിൻകരതാലൂക്കിൽ കാണിപ്പറ എന്ന ഒരു സ്ഥലത്തു് ഏകദേശം ഇരുപതിനായിരം ഏക്കർ സ്ഥലം ഇത്തരത്തിൽ കിടപ്പുണ്ടു്. ഇത്തരം സ്ഥലങ്ങളിൽ മരച്ചീനി നടാനോ അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും കൃഷികൾ ചെയ്യാനോ അനുവദിക്കുന്നതുകൊണ്ടു് എന്തു തരക്കേടാണുള്ളതു്. എത്രയോ ആളുകളുടെ ഉപജീവനം അതുകൊണ്ടു് കഴിയും. അതുപോലെ പേച്ചിപ്പാറ അണയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai]

സമീപം വലിയ ഏലാ എന്ന സ്ഥലത്തു ൩൦൦, ൬൦൦ ഏക്കർ സ്ഥലം നിലമായി കിടപ്പുണ്ട്. ഇപ്പോൾ അതു കരിനിലമായി കിടക്കുകയാണ്. നല്ല വളമുപയോഗിച്ച് അവിടെ കൃഷിചെയ്യുന്നപക്ഷം കൂടുതൽ വിളവുണ്ടാക്കുവാൻ കഴിയും. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിനെ തടയാതിരുന്നാൽ മാത്രം മതി. എന്നാൽ അതുകൊണ്ട് ഗവണ്മെന്റിനോ ഗവണ്മെൻറുദ്യോഗസ്ഥന്മാക്കോ യാതൊരു ഉപദ്രവവുമുണ്ടാകാതെ സൂക്ഷിക്കേണ്ടതുമാണ്. വലിയ ഏറുപടക്കം ഒരു പത്തെണ്ണം പൊട്ടിയാൽ ഇന്നത്തെ നിലയെല്ലാം പോകും. അപ്പോൾ ഉദ്യോഗസ്ഥന്മാക്കുപോലും അരി കിട്ടുകയില്ല. അതുകൊണ്ട് കാലേക്കൂട്ടി ഈ രാജ്യത്തു ശേഖരിച്ചുവയ്ക്കപ്പെട്ടിട്ടുള്ള നെല്ലും അരിയും ഗവണ്മെൻറു നിയന്ത്രണത്തിൽ ഏറെറടുത്തു സൂക്ഷിച്ചില്ലെങ്കിൽ വലിയ അബദ്ധമുണ്ടാകുമെന്നാണ് എനിക്കു തോന്നുന്നത്. ഈ അവസരത്തിൽ വ്യാവസായികമായി ചാലവു നിയന്ത്രിക്കേണ്ടതിനെപ്പററിയും ഒരു വാക്കു് എനിക്കു പറയുവാനുണ്ട്. ശീലക്കുടയുടെ കാര്യംതന്നെ എടുക്കാം ൩൦ ലക്ഷം ജനങ്ങളാണ് ഈ രാജ്യത്തുള്ളത്. പത്തുപേക്കു ഒരു കുട വച്ചുനോക്കിയാലും ൩ ലക്ഷം കുട ഇവിടെ ആവശ്യമുണ്ട: ഇന്നു ഒരു കുടയ്ക്കു നാലുമുതൽ അഞ്ചു രൂപാവരെ വിലയുണ്ട. ഈ കണക്കിനു് കുറഞ്ഞതു ൨ ൪ ലക്ഷം രൂപാ ശീലക്കുടയ്ക്കുവേണ്ടി നമ്മുടെ ചിലവാക്കുന്നുണ്ടെന്നു കാണാം. പഴയമാതിരി ഓലക്കുട ഉപയോഗിക്കുന്നതായാൽ ഈ ചെലവു ലാഭിക്കാൻ കഴിയും. അതുകൊണ്ട് കുടപ്പനകളൊന്നും വെട്ടിക്കളയാതെ കൺസർവേററർ സൂക്ഷിക്കുകയും വ്യവസായഡയറക്ടരുടെ സഹായത്തോടുകൂടി ഓലക്കുടവ്യവസായത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. മറെറാന്നു ഇവിടത്തെ കടലാസ്സു വ്യവസായമാണ്. പുനലൂർ പേപ്പർ മില്ലിൽ ധാരാളം കടലാസ്സു് ഉണ്ടാക്കുന്നുണ്ട്. ഗവണ്മെൻറു് മില്ലിനുവേണ്ടി പല സൌജന്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടു്. എന്നാൽ അവിടെ ഉണ്ടാക്കുന്ന കടലാസിൽ ഏറിയപങ്കു് അന്യസ്ഥലങ്ങളിലേയ്ക്കു് അയക്കപ്പെടുന്നു. തിരുവിതാംകൂറിലെ ആവശ്യം കഴിഞ്ഞു് അധികംവരുന്ന കടലാസല്ലാതെ അന്യരാജ്യങ്ങളിൽ അയയ്ക്കാൻ പാടില്ല. ഇവിടത്തേക്കു ആവശ്യമുള്ള മൊട്ടസൂചിക്കു് വിലകൊടുക്കേണ്ടിവന്നു എന്നുള്ളതു് ഒരു വലിയ അപരാധമല്ല. എന്തുകൊണ്ടെന്നാൽ ഇവിടെ മൊട്ടസൂചിവ്യവസായത്തിനുള്ള സാധ്യതകളൊന്നുമില്ല. എന്നാൽ തിരുവിതാംകൂറിൽ ഉണ്ടാക്കുന്നതിനു സഹകൂയുള്ള കടലാസ് അന്യസ്ഥല

LIBRARY ARCHIVES Kerala Legislative Assembly

ത്തേക്കയച്ചിട്ട് നാം വില കൊടുത്തു അന്യസ്ഥലങ്ങളിൽനിന്നും വാങ്ങിക്കേണ്ടിയിരിക്കുന്നു. ഇതു് വളരെ കഷ്ടമാണ്. അതുപോലെ തീപ്പെട്ടിമുതലായ വ്യവസായങ്ങളും നടപ്പിൽ വരുത്തുവാൻ കഴിയും. പക്ഷെ അതു യുദ്ധംകഴിഞ്ഞിട്ടു മതി. മി. എച്ചു്. പരമേശ്വരന്റെ ഒരു പ്രസംഗത്തിൽ ഇപ്പോൾ നൂതനവ്യവസായത്തെപ്പറ്റി ആലോചിക്കുന്നതു് അബദ്ധമാണെന്നു പറയുകയുണ്ടായി. എന്തെന്നാൽ യുദ്ധം കഴിയുമ്പോൾ ഇന്നത്തെ പരിതസ്ഥിതിയെല്ലാം മാറും. ഇന്നു് നിലവിലിരിക്കുന്ന വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിൽ യാതൊരു അബദ്ധവും വരുവാനില്ല. ഈവക കാരണങ്ങളെക്കുറിച്ചു് ചിന്തിച്ചു് ഏറ്റവും വ്യവസ്ഥാപിതമായ രീതിയിൽ പ്രവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിലേക്കായി ഒരു കമ്മറിയെ ശുപാർശചെയ്യണമെന്നുള്ളതാണ് പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ പ്രമേയം നടപ്പിൽ കൊണ്ടുവരുവാൻ ഗവണ്മെന്റു മടിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

MR. KOTTALIL P. ABRAHAM: Sir, the subject underlying this resolution has been brought effectively to the notice of this House and the Government by several means. Yesterday, rather the last day of our sitting, during interpellation time, questions were asked on the same subject and an elaborate answer was given by the Government. We have also tabled some resolutions on the same subject. And within half an hour we will have to consider an adjournment motion relating to the question of supplying adequate food stuff. So in one form or another we are being invited often to discuss the same subject: and we are glad to note that the Government are quite alive to the seriousness of the problem.

The name given to the resolution is 'post-war reconstruction' Although the mover adverted to measures which are to attract our attention after the close of the war, I heard him elaborately detailing also the necessity of looking into the living present. Whether during the war, or after the war, the matters which require our real and anxious attention are the same, *viz.*, the means to live and to let live.

Some measures have been suggested by the honourable mover and the other honourable members who spoke after him. The most important of the measures so suggested is the improvement of agriculture. Indeed it is the right thing. A resolution which we passed over just now, owing to the casual absence of the mover from his place, related to the assignment on kuthagapattom of lands within the reserve for the cultivation of food stuff. It reads as follows:—

> 'This Assembly recommends to Government that in view of the present war situation the unassigned tharisu lands and open parts of reserved forests be given on Kuthagapattom to agriculturists of Travancore for cultivation of food materials till war ends and food materials become largely available.'

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kottalil P. Abraham.]

That resolution therefore intended to stress the need for extensive methods of cultivation. The resolution, if moved, would have had my whole-hearted support. I am now using it to support the present resolution before the house. Yesterday at the time of the supplementary demands the Director of Agriculture asked for a grant which would help intensive cultivation, that is, by the provision of manure. With regard to extensive cultivation it may be said that further areas in large scale blocks fit for cultivation are not available in the State. But some lands which are not under cultivation are kept fallow because of certain specified inconveniences only. For instance, the arable areas inside the reserved forests are declared as forbidden tracts for cultivation because any interference with them would give scope for damaging the conservation of forests. All the same, until the war is over, even at the risk of some little inconveniences, we have to meet the elementary need of food by the cultivation of paddy by making available for the purpose every square inch of land in our country. I may in this connection request the conservator of forests to see that some provision is made for enabling the ryots who live near reserve forests to make use of green manure from such forests. By green manure, I mean only leaves that fall down and other leaves good for manure. It may be said in objection that permission to enter forests for the sake of gathering green manure may create further trouble, *viz.*, the unauthorised removal of the branches and the stems also of trees. My answer is that as we have already got an over-whelming number of Forest Guards to safeguard the forests, it is up to them to see that only green manure is removed from the forests and that in reasonable quantity without any sort of annoyance to the conservation of forests.

The latter part of the resolution refers to the desirability of appointing a Committee of 12, the majority of whom shall be members of the Legislature, to carry out the purpose of the resolution. My humble opinion is that a new committee may not be necessary.

We have got what is called "the Economic Development Board" to which we had to elect some members just an hour ago. The Board has been reconstituted recently so as to enable its working with greater effect and practicability. The same board may as well attend to these matters; and if these matters are entrusted with them, we can expect from them very fruitful results. Therefore my submission is that no new or special committee is called for at this stage. With these words I have great pleasure in accepting this resolution.

MR. KAINIKKARA M. PADMANABHA PILLAI: Sir, I move that the question be now put.

MR. A. GOPALA MENON: Sir, the seriousness of the problem confronting us today cannot be denied. It is not therefore the intention of Government to plead the comprehensiveness of the proposal or the complexity of the problem as an excuse to shelve the question. On the other hand, as was suggested by my honourable friend Mr. Abraham the Government have recently reconstituted the Economic Development Board on the very same lines as

LIBRARY ARCHIVES Kerala Legislative Assembly

have been proposed by the Honourable mover of this resolution. That Board as reconstituted will consist of 5 official members and 10 non-officials elected from both the Houses of the Legislature. With such a body at work it should be possible for Government to obtain the necessary information and plans of action for the amelioration of the distress amidst which we are now placed. This new body has a new constitution no doubt, but it is an old institution. Among the various problems which the Economic Development Board has had the opportunity to discuss in recent years, we find most of the remedies, to which the mover and the supporters of the resolution have called the attention of the house. The question of financial support to agriculture including the relief of agricultural indebtedness has received consideration at the hands of Government. They have been noted and commented upon by the Economic Development Board on former occasions. The possibility of opening out new lands, whether poramboke or forest lands, chathuppu lands as they call it—for new cultivation—that too has been enquired into, and the Board has got readymade proposals for instant action. Similarly the question of grazing lands for cattle—that also has received the attention of the Board, and proposals have been placed before Government. Irrigation problems and other aspects of extensive as well as intensive cultivation—all these have been engaging the attention of the Board, so much so that when the Board now starts work, as soon as it begins its deliberations, it would be possible for the Board to plan a scheme for immediate action and application, with the co-operation of Government and the public and with the resources at their command. In that view, I feel that there is no need for any new committee to be set up to study these questions, as we have already got concrete proposals and sufficient information to proceed upon for the time being. I am saying all this in view of the immediate necessity confronting us and in view also of the urgency of the problem to avoid further enquiries and discussions and the consequent delay.

Reference was made in this connexion to the educational policy and the neglect of the study of agriculture. Government have not been slow to take note of the imperative necessity to encourage agriculture and to give the students in schools and colleges an idea as to the importance of the subject, and to provide wherever possible facilities for practical training. Orders have been recently issued both to the Education Department and the University to introduce agriculture as a subject of study in high school classes, and proposals are being considered by the Education Department to make the practical study of agriculture and its possibilities a topic of instruction in both the middle and high schools of the State. I beg to submit therefore that consistent with the scheme of economic regeneration and industrial reorganisation which the Head of the Administration has never been tired of dinning into the ears of Travancoreans for the last six years, a series of measures has been put into operation, and policies adumbrated, with a view to long time results, which have only to be hastened and brought into immediate operation to afford relief to the distressed population. As the house is fully aware, a very consistent policy has been persued

LIBRARY ARCHIVES Kerala Legislative Assembly

[IMr. A. Gopala Menon.]

vigorously. If this administration is noted for great achievements, and they are very many, the greatest of them all would be the work it has already done to lay the foundation for a permanent economic regeneration of this country. To enumerate all those measures will take up much time. But we may derive great satisfaction that with the financing of agriculture and industry, with the reorganisation of co-operation and co-operative societies, with the urge for cottage industries, with the experimentation in large scale factories, with a programme for the development of irrigation and the introduction of the double crop on single crop lands all of which form a piece with one another, with the introduction of agriculture as a subject of study in schools and the reorganisation of the Economic development Board measures which in the view of Government are absolutely essential to general purpose, nothing has been neglected. This House will be the first to recognise, approve and appreciate, what steps Government have taken in this direction. Relief of distress above all has received the most prominent attention as was explained at the time of the last Budget. It has been very happily referred to that all the departmental heads are now most willing to co-operate and are alive to the economic needs of the country, and that they have been harnessed to a common aim and purpose and that with that purpose in view, the new Board has been reduced in bulk, made more effective, more energetic and more alert. Thus, I may assure the House that there will be a genuine, systematic and sympathetic effort in the direction of promulgating and operating varied and necessary measures for the amelioration of the immediate difficulties with which we are now confronted.

SADASYATILAKA T. K. VELU PILLAI: Sir, I am very happy in congratulating the Government on their various efforts towards the amelioration of distress and they have been given expression to by the member in charge of the subject. At the time I gave notice of this resolution there was no doubt the idea of improvement of the Economic Development Board. It was only the day before yesterday that announcement was made namely that election to it will be held today. I was asked by some members on this side of the House whether we want a separate committee in the light of the fact that there would come into being a newly reconstituted Economic Development Board. I do not propose to take much time of the House and there is not much time either for stressing the importance of the problem. I am glad that my desires have fructified now. I am glad that the present Government has recognised the necessity of ushering into existence such a Board. I am glad to say that a gentleman who is competent by training, temperament, knowledge and generosity to function is the presiding officer of that Board. Although I am not in order to refer about the other personnel of the Board at this stage, I see who the members are and I have reason to think that the members elected are quite good. Therefore I am particularly happy to recognise that the

LIBRARY ARCHIVES Kerala Legislative Assembly

ideas entertained by me 20 years ago have taken practical shape in this present administration. With these words I seek permission to withdraw the resolution.

The resolution was by leave of the House withdrawn.

Lands reserved for grazing purposes.

MR. K. P. KOCHUKORA THARAKAN : This Assembly recommends to Government that lands reserved for grazing purposes in Travancore be transferred from the jurisdiction of the Revenue Department to that of the Agricultural Department.

സർ, ഗ്രാസ്സ് ലാൻഡുകളെ റവന്യൂ ഡിപ്പാർട്ടമെൻറിന്റെ അധികാരത്തിൽ നിന്നും അഗ്രികൾച്ചറൽ ഡിപ്പാർട്ടമെൻറിന്റെ മുമതലയിൽ മാററാമെന്ന് പറയുന്നതിന്റെ പ്രധാന ഉദ്ദേശം ഇവ, റവന്യൂ ഡിപ്പാർട്ടമെൻറിന്റെ കൈവശമിരിക്കുന്നത് പറയൻറെ കയ്യിൽ പശുവിനേ ഏൽപ്പിക്കുന്നതുപോലെ ആണെന്നുള്ളതു കൊണ്ടാണ്.

MR. T. C. KESAVA PILLAI : ഈ പഴഞ്ചൊല്ല് ഇനി പറയാൻ പാടില്ല. അതു ഒരു ജാതിയെ സ്പർശിച്ച് പറഞ്ഞതാണ്. പശുവിനെ സൂക്ഷിക്കുന്നത് പറയൻ മാത്രമേയുള്ളൂ. അത് പിൻവലിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

MR. K. P. KOCHUKORA THARAKAN : അതു ഒരു പഴഞ്ചൊല്ലാണ്. അതുകൊണ്ട് പറഞ്ഞു എന്നു മാത്രമേയുള്ളൂ.

അഞ്ഞൂറു ഏക്കറുള്ള സ്ഥലങ്ങളെ ഇരുപതും മുപ്പതും ഏക്കർ ഉള്ള ബ്ലാക്കുകളായി തിരിച്ച് കൊടുക്കുന്ന പതിവ് ... ...

... ...

DEPUTY PRESIDENT : Order, order. The House will now discuss the adjournment motion posted for the day.

ADJOURNMENT MOTION.

Re : measures for increasing the production of paddy and other food stuffs in the State.

MR. G. VELU PILLAI : Sir, "I beg leave to move for the adjournment of the business of the House to discuss a definite matter of urgent public importance, namely the necessity for adopting immediate measures for increasing the production of paddy and other food stuffs in the State in view of the fact that the supply of rice from Burma and Siam has been cut off on account of the war situation, and the consequent starvation that may visit the people of the State."

It is now just a year since an adjournment motion was moved in this House by Mr. Dominic Joseph to impress upon the Government the necessity for adopting a five year plan to make Travancore self-sufficient in the matter of rice. That adjournment motion was fully

LIBRARY ARCHIVES Kerala Legislative Assembly